**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3358** **26-06-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസി വിദ്യാർത്ഥികളുടെ പഠനം ഉപേക്ഷിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2023-24-ൽ സംസ്ഥാനത്തെ സ്കൂളുകളിൽ നിന്നും നിരവധി ആദിവാസി വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചു എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആദിവാസി വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചു പോകാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ആദിവാസി വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചു പോകാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ട്. |
| (സി) | ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ആദിവാസി വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചു പോകുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>കൊഴിഞ്ഞുപോക്കിന് ഒരു പ്രധാന കാരണമാ പഠനത്തോടുള്ള വിമുഖത, മടി എന്നിവ മാറ്റുന്നതിനായി വിദ്യാർത്ഥികൾ, രക്ഷിതാക്ക എന്നിവർക്കിടയിൽ സ്ഥിരവും കാര്യക്ഷമവുമാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>പഠനം ഉപേക്ഷിച്ചു പോകുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നു. കൂടാതെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനായി ആദിവാസി ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ നിരന്തരമായ ബോധവൽക്കരണ പരിപാടികൾ സർക്കാർ, സർക്കാരിതര സംഘടനകളുടെയും ഏജൻസികളുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു.<br><br>ആദിവാസി മേഖലകളിൽ നിന്ന് സ്കൂളിലേയ്ക്കുള്ള യാത്രാസൗകര്യങ്ങളുടെ അഭാവം, ആദിവാസി |

| | | | | |
|---|---|---|---|---|
| | | | | മേഖലകളിൽ നിന്ന് സ്കൂളിൽ പോകുന്ന കുട്ടികൾ വന്യമൃഗങ്ങളിൽ നിന്നും നേരിടുന്ന ഭീഷണി എന്നിവ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുന്നതിന് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിനായി ഗോത്രസാരഥി പദ്ധതി, സർക്കാർ വകുപ്പുകളുടെയും മറ്റ് സർക്കാരിതര സന്നദ്ധ സംഘടനകളുടെ സഹായ സഹകരണങ്ങളിലൂടെ യാത്രാ സൗകര്യം ഒരുക്കൽ എന്നിവ നടപ്പിലാക്കി വരുന്നു.<br><br>ദുർഘടവും സുരക്ഷിതവുമല്ലാത്ത കാട്ടുപാതകളിലൂടെ ദീർഘദൂരം യാത്ര ചെയ്ത് സ്കൂളിലെത്തേണ്ടിവരുന്ന കുട്ടികളെ ഹോസ്റ്റൽ സൗകര്യമുള്ള സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടുതൽ കുട്ടികളെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ചേർത്ത് പഠന സൗകര്യം ഉറപ്പാക്കിവരുന്നു.<br><br>വേർപിരിഞ്ഞു കഴിയുന്ന മാതാപിതാക്കളുടെ കുട്ടികൾ പഠനം നിർത്തി കൊഴിഞ്ഞുപോകുന്നതിനുള്ള പ്രവണത കണ്ടുവരുന്നതിനാൽ സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും, സാമൂഹ്യനീതി വകുപ്പ്,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും യോജിച്ച പ്രവർത്തനങ്ങളിലൂടെ ഇത്തരം കുട്ടികളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മദ്യപാനം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവ കൊഴിഞ്ഞു പോക്കിന് കാരണമായി കണ്ടെത്തിയിട്ടുള്ളതിനാൽ ലഹരി വിരുദ്ധ പ്രചാരണങ്ങളും ബോധവൽക്കരണ പരിപാടികളും സർക്കാരിന്റെയും സർക്കാരിതര ഏജൻസികളുടെയും നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.<br><br>പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിവരുന്ന സൗജന്യ ഉച്ചഭക്ഷണം, സൗജന്യ പാഠപുസ്തകങ്ങൾ, യൂണിഫോം, സാമ്പത്തികാനുകൂല്യങ്ങൾ എന്നിവയെകുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ